പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5043

30-06-14 - ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ മുമ്പിൽ വന്ന അപേക്ഷകൾ

ചോദ്യം

ഉത്തരം

| | ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ: | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് മുന്നിൽ എത്ര അപേക്ഷകൾ വന്നിട്ടുണ്ടെന്നും ആകെ എത്ര തുകയുള്ളതാണെന്നും വ്യക്തമാക്കാമോ ; | (എ) | കടാശ്വാസത്തിനു അപേക്ഷ സമർപ്പിക്കാൻ നിശ്ചയിച്ച അവസാന തീയതിയായ 30.06.2013 നകം സമർപ്പിക്കപ്പെട്ട 1,29,221 അപേക്ഷകൾ കമ്മീഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ വായ്പകളിന്മേൽ കടാശ്വാസമായി കടാശ്വാസ കമ്മീഷൻ നാളിതുവരെ ആറു ഘട്ടങ്ങളിലായി 310.98 കോടി രൂപയുടെ ശുപാർശ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര അപേക്ഷകൾ ഇതുവരെ പരിഗണനയിലെടുത്തുവെന്നും ഇവയിൽ എത്രപേരുടെ വായ്പ എഴുതിത്തള്ളാൻ തീരുമാനിച്ചുവെന്നും ഇത് എത്ര തുകവരുമെന്നും വ്യക്തമാക്കുമോ ; | (ബി) | നാളിതുവരെ സംസ്ഥാനമൊട്ടാകെ ഒരു മത്സ്യത്തൊഴിലാളി കുടുംബത്തിന് മുതലിനത്തിൽ പരമാവധി 75,000/- രൂപ എന്ന ക്രമത്തിൽ ആറ് റിപ്പോർട്ടുകളിലായി 66,363 കടങ്ങളിൽ കടാശ്വാസത്തിനു അർഹത കണ്ടെത്തി സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴി ലാളികളുടെ വായ്പകളിന്മേൽ കടാശ്വാസമായി കടാശ്വാസ കമ്മീഷൻ നാളിതുവരെ സഹകരണ ബാങ്കുകൾ, സഹകരണ സംഘങ്ങൾ, ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവക്ക് നൽകാനായി 310,98,67,426 രൂപയുടെ ശുപാർശ ആറ് ഘട്ടങ്ങളിലായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സഹകരണ വകുപ്പിന്റെ ആഡിറ്റിന് ശേഷമേ യഥാർത്ഥ തുക എത്രയെന്ന് അറിയാൻ സാധിക്കുകയുള്ളൂ. |
| (സി) | ഇതിനായി സർക്കാർ ഇതുവരെ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ? | (സി) | മത്സ്യത്തൊഴിലാളികൾക്കു കടാശ്വാസം നൽകുന്നതിനായി 2008-09 മുതൽ 2014-15 വരെയായി 150.70 കോടി രൂപ സർക്കാർ അനുവദിച്ചി ട്ടുണ്ട്. ഇതിൽ 31.193 കോടി രൂപ മത്സ്യഫെഡിനും 113.56 കോടി രൂപ സഹകരണ വകുപ്പിനും 4.60 കോടി രൂപ കമ്മീഷന്റെ ഭരണച്ചിലവിനായും അനു വദിച്ചു നൽകി. |

**സെക്ഷൻ ഓഫീസർ**